പ്രതിവാരം
സീതി

# മേത്തരം മെത്തകളും ഇസ്‌ലാമിക നവോത്ഥാനവും

**1990-കളിലെപ്പോഴോ** *വിവേകം* മാസികയിൽ അൻവർ പാലേരി എഴുതിയ ഒരു കവിതയിലെ ഓർമയിൽ തങ്ങി നിൽക്കുന്ന ഏതാനും വരികൾ ഏതാണ്ടിങ്ങനെയാണ്:

*ആധുനിക ഇസ്‌ലാമികസമൂഹവും*
*മുന്തിയ ഇനം ഓർക്കിഡ്*
*പുഷ്പങ്ങളും-*
*ടൗൺഹാളിൽ സെമിനാർ*
*പൊടിപൊടിക്കുന്നു.*
*മേത്തരം മെത്തകളും*
*ഇസ്‌ലാമിക നവോത്ഥാനത്തിന്റെ*
*പുതിയ സാധ്യതകളും-*
*കണ്ടംകുളം ക്രോസ് റോഡിൽ*
*ത്രിദിന ശിൽപശാല.*
*പുതിയ ഇനം ടൈൽസുകളോടുള്ള*
*നമ്മുടെ സമീപനം-*
*ആനിഹാൾ റോഡിൽ*
*കർമശാസ്ത്ര സമ്മേളനം.*

... ... ... ...

സമൂഹം ഗൗരവപ്പെട്ട പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന ഘട്ടത്തിൽ മുസ്‌ലിംസംഘടനകൾ സ്വീകരിക്കുന്ന അന്തംകെട്ട സമീപനങ്ങളോടുള്ള കറുത്ത പരിഹാസമാണ് അൻവർ കവിതയിലൂടെ പ്രകാശിപ്പിച്ചത്.

പുഴവക്കത്ത് ഒരു പള്ളി. പള്ളിക്ക് പുറത്ത് ഒരു മരമുണ്ട്. ആ മരത്തിന്റെ കൊമ്പ് പള്ളിയോട് തൊട്ടിരിക്കുന്നു. ജനാല വഴി പള്ളിയിൽനിന്ന് മരത്തിലേക്ക് കയറാം. അപ്പോൾ ആ മരത്തിൽ, മരത്തിന്റെ കൊമ്പിൽ ഇഅ്തികാഫ് ഇരുന്നാൽ സ്വഹീഹാകുമോ-ഒരു കാലത്ത് മതാനുഷ്ഠാനശാസ്ത്ര രംഗത്ത് നടന്ന ഗവേഷണങ്ങളുടെ സാമ്പിളുകളിൽ ഒന്നു മാത്രമാണിത്. ഇത്തരം ഗവേഷണങ്ങളുടെയും മസ്അലകളുടെയും ഗഹനതകളിൽ നിന്ന് പുറത്തുകടക്കാൻ ഇസ്‌ലാമികസമൂഹത്തിനും ചിന്തക്കും സാധിച്ചിട്ടുണ്ട് എന്ന് ആശ്വസിക്കുകയായിരുന്നു നാം. ചിന്താ-കർമരംഗങ്ങളിൽ ഇസ്‌ലാമികസമൂഹം മുന്നേറുകയും പുതിയ കാലത്തെ ധീരമായി അഭിമുഖീകരിക്കാനുള്ള കോപ്പുകൾ കൂട്ടുകയുമാണ് അവർ എന്ന് വിലയിരുത്തപ്പെട്ടു.

ഇത് ന്യായമായ ഒരു ആശ്വാസം തന്നെ. എന്നാൽ കോഴിക്കോട്ടങ്ങാടിയിലൂടെ നടക്കുകയും അവിടെനിന്ന് പുറത്തിറങ്ങുന്ന മുസ്‌ലിംപ്രസിദ്ധീകരണങ്ങൾ വായിക്കുകയും ചെയ്യുന്നവർ മാറ്റിച്ചിന്തിക്കേണ്ടി വരുമെന്നാണ് പുതിയ അനുഭവങ്ങൾ. നോക്കൂ, ചില കോഴിക്കോടൻ സ്കെച്ചുകൾ:

'ഞങ്ങളെന്തുകൊണ്ട് മുജാഹിദായി- സുന്നി പൗരോഹിത്യത്തിന്റെ തട്ടിപ്പുകൾ തിരിച്ചറിഞ്ഞ് വലിച്ചെറിഞ്ഞവർ അനുഭവങ്ങൾ പങ്കുവെക്കുന്നു'. തൊട്ടടുത്ത മറുപടി പോസ്റ്റർ ഇങ്ങനെ: 'അവരെന്തുകൊണ്ട് മുജാഹിദായി- വഹാബിസത്തിന്റെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നു.'

ഇടക്ക് പ്രത്യക്ഷപ്പെട്ട മറ്റൊരു പോസ്റ്റർ: കാൻസർ ചികിത്സയും വിശുദ്ധ ഖുർആനും, സെമിനാർ, ഡോ. റൻതീസി നഗർ, കോഴിക്കോട്.

ഇപ്പോൾ ഇങ്ങനെയൊന്ന് കാണുന്നു: കുഫ്‌വ് 2007. സയ്യിദന്മാരുടെ വിവാഹ ഡയറക്ടറി. ബുക്കിംഗിന് ബന്ധപ്പെടുക.

ഒരു കൂറ്റൻ ഫ്ളക്സ് പരസ്യം ഇങ്ങനെ: ഉടൻ പുറത്തിറങ്ങുന്ന ബിദ്ഈ ഖണ്ഡന മാസികയുടെ ഹോം ഡെലിവറിക്കായി എക്സിക്യൂട്ടീവുകളെ ആവശ്യമുണ്ട്.

മാവൂർ റോഡിലെ കാസറ്റ്/സി.ഡി കടകളിൽ കയറിയാൽ ഇതിലും ഗംഭീരമായ തലക്കെട്ടുകൾ കാണാൻ കഴിയും. സൂക്ഷിച്ച് നടന്നില്ലെങ്കിൽ ഓരോ സി.ഡിയും കൈകാലുകൾ വിറപ്പിച്ച് നീട്ടി നിങ്ങളെ പിടികൂടുക തന്നെ ചെയ്യും.

പത്രമാസികകളുടെ കാര്യം ഇതിലും ഭീകരം. മുസ്‌ലിം പ്രസിദ്ധീകരണങ്ങളുടെ ഒരു ബംഗ്ലാദേശ് കോളനിയാണ് കോഴിക്കോട്ടങ്ങാടി എന്ന് നമുക്കറിയാം. ജേണലിസ്റ്റിക് ഗുണ്ടായിസം എന്നൊന്നുണ്ടെങ്കിൽ അത് കോഴിക്കോട്ടെ മുസ്‌ലിം പീരിയോഡിക്കലുകൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ആരെടാ മാസിക, ഞാനെടാ വാരിക-അതുതന്നെ.

പുതുതായി തുടങ്ങിയ ഒരു മാസികയുടെ കവർ നോക്കൂ: പിശാചെന്ന് ധ്വനിപ്പിക്കുന്ന രണ്ടു മൂന്ന് ഇമേജുകൾ. അവക്ക് മേലെ ഇങ്ങനെ എഴുതിയിരിക്കുന്നു: Ohabi Myth. ഉള്ളിലെ ലേഖനങ്ങളെക്കുറിച്ച അറിയിപ്പുകൾ തലക്കെട്ടുകളായി ഇപ്രകാരം:

1. 'വീണിതല്ലോ കിടക്കുന്നു കോട്ടക്കലിൽ, ക്ഷീണിതനായി പോയയ്യോ കായക്കൊടി'-കോട്ടക്കലിൽ നടന്ന സുന്നി-മുജാഹിദ് സംവാദത്തെക്കുറിച്ചാണ് പറയുന്നത്.

2. 'ജിന്ന്, ഒഹാബി, ശൈത്വാൻ'-ഇതാണ് പ്രധാന തലക്കെട്ട്

3. 'ഹു.സലഫി: നാദാപുരത്ത് തകർന്നടിഞ്ഞ വഹാബി പ്രതിമ.'

നാലാമത് ഒരു തലക്കെട്ട് കൂടിയുണ്ട്. അത് ഇവിടെ എഴുതാൻ കൊള്ളാത്തവിധം അശ്ലീലമായതുകൊണ്ട് വിടുന്നു.

ഈ മാസികയുടെ ലക്ഷ്യവും ശൈലിയും എന്തായിരിക്കുമെന്ന് മുഖക്കുറിപ്പിൽ ഇങ്ങനെ വ്യക്തമാക്കുന്നുണ്ട്: 'ഒഹാബിയൻ മോഹങ്ങൾ അരിഞ്ഞുവീഴ്ത്തപ്പെടുകയും സാഹിതീയ സൗകുമാര്യം അൽപം കുറച്ച് സാധാരണക്കാരന്റെ സംവേദന ശൈലിയിലൂടെ അക്ഷരങ്ങൾ അഗ്നിയാക്കി ബിദ്അത്തിനെതിരെ അഭംഗുരം സമരം തുടരുമ്പോൾ അഹ്‌ലുസ്സുന്നയുടെ സത്യസന്ദേശത്തോട് മാത്രമായിരിക്കും ഞങ്ങൾക്ക് കടപ്പാട്.' പക്ഷേ, 'സാഹിതീയ സൗകുമാര്യ'ത്തിന് ഒരു കുറവും വന്നിട്ടില്ലെന്നു തന്നെയാണ് പേജുകൾ മറിക്കുമ്പോൾ ബോധ്യപ്പെടുക. അക്ഷരങ്ങൾ അഗ്നിയാവുകയല്ല, വിദ്വേഷത്തിന്റെ അഗ്നി അക്ഷരമാവുകയാണ്.

ഇനി ഇമ്മാതിരി ഏടാകൂടങ്ങളിൽ നിന്ന് സമുദായത്തെ പരിഷ്കരിച്ച്, രക്ഷിച്ച് നവോത്ഥാനപ്പെടുത്താൻ ചുമതലയേറ്റവരുടെ പ്രസിദ്ധീകരണങ്ങളിലൂടെ.

ഒരു വായനക്കാരന്റെ സംശയം ഇപ്രകാരം: 'കട്ടിൽ ചുമരോടടുപ്പിക്കുക, മേശവലിപ്പ് ശക്തിയിലടക്കുക, കനമുള്ള സാധനങ്ങൾ പുറത്തേക്കെറിയുക, ചൂടുവെള്ളം ഒഴിക്കുക തുടങ്ങിയവ ജിന്നുകൾക്ക് പരിക്കേൽക്കാൻ ഇടയായിത്തീ

രുമെന്നതിനാൽ അക്കാര്യം നാം സൂക്ഷിക്കണമെന്ന വാദത്തെക്കുറിച്ചെന്തു പറയുന്നു? അങ്ങനെയുള്ള സൂക്ഷ്മത പാലിക്കാൻ നാം മതപരമായി ബാധ്യസ്ഥരാണോ? അതിന് നൽകപ്പെട്ട പണ്ഡിതോചിമായ മറുപടിയിൽനിന്ന്: 'ജിന്നുകൾ നമ്മുടെ കിടപ്പറയിലെ മേശക്കുള്ളിലും കട്ടിലിന്റെയും ചുമരിന്റെയും ഇടയിലും വന്നുനിൽക്കുകയാണെങ്കിൽ കട്ടിൽ വലിച്ചിടുമ്പോഴും മേശവലിപ്പ് അടക്കുമ്പോഴും അവർക്ക് പരിക്കു പറ്റിക്കൊള്ളട്ടെ എന്നു കരുതുകയാണ് വേണ്ടത്. കാരണം ആ ജിന്നുകൾ ദുരുദ്ദേശ്യമുള്ളവരായിരിക്കുമല്ലോ. നവദമ്പതിമാരുടെയും മറ്റും കിടപ്പറയിൽ പ്രവേശിക്കാൻ ഇവരെന്തിന് മെനക്കെടണം? ജിന്നുകൾക്ക് മനുഷ്യരെ കാണാൻ കഴിയുമല്ലോ. അതിനാൽ നമ്മുടെ സ്ത്രീകൾ കപ്പ വേവിച്ച ചൂടുവെള്ളം പുറത്തേക്കൊഴിക്കാൻ വരുമ്പോൾ ജിന്നുകൾ മാറിക്കൊള്ളട്ടെ. ഇനി ചൂടുവെള്ളമൊഴിക്കുന്നിടത്തുതന്നെ നിൽക്കണമെന്ന് ജിന്നുകൾക്ക് വാശിയുണ്ടെങ്കിൽ അതുവഴിയുണ്ടാകുന്ന പരിക്ക് അവർ ആസ്വദിച്ചുകൊള്ളട്ടെ എന്നു തീരുമാനിക്കുകയാണ് നമുക്ക് കരണീയം'. ഇസ്‌ലാഹീകേരളത്തിന്റെ അക്ഷരപ്രകാശം എന്നാണ് ഈ വാരിക സ്വയം വിശേഷിപ്പിക്കാറുള്ളത്. ഇസ്‌ലാമിക വിഷയങ്ങളെക്കുറിച്ച സംശയങ്ങൾക്ക് ആധികാരികമായ മറുപടി നൽകുന്ന കോളം എന്നാണ് മേൽ ഉദ്ധരിച്ച ചോദ്യോത്തര പംക്തിയെക്കുറിച്ച പരസ്യവാചകം.

ഇനി അതേ ലക്കത്തിലെ ചില തലക്കെട്ടുകൾ:

'ആത്തിക്കക്ക് കിട്ടിയ ഇരുട്ടടിയും മുസ്‌ലിയാക്കളുടെ തെളിവും.'

'വിഘടിതർ പരാജയം തിരിച്ചറിഞ്ഞു, കോടതിവിധി ഇപ്പോൾ തിരുത്തി'.

ഇനി ഈ വിഭാഗത്തിലെ യുവപുരോഗമന വിഭാഗമെന്ന് അറിയപ്പെടുന്നവരുടെ വാരികയുടെ ചില ലക്കങ്ങളിലെ തലക്കെട്ടുകൾ:

1. ജിന്നുബാധ: എ.പി വിഭാഗം മാപ്പുപറയണം

2. ജിന്ന് ബാക്ടീരിയയോ? (ഒരു അഭിമുഖത്തിന്റെ തലക്കെട്ട്)

3. വിഗ്രഹങ്ങളിൽ പിശാച് ആവാഹിക്കുമോ?

4. ജിന്നുകളുടെ വാക്കുകളും പ്രവാചകന്മാരുടെ വെളിപാടുകളും

(ചോദ്യോത്തര പംക്തിയിലെ ചോദ്യമാണ്. മുഹമ്മദ് നബിയിലൂടെ അവതരിച്ചത് മുൻകാല പ്രവാചകന്മാരുടെയും പണ്ഡിതരുടെയും പരിചിതരായ ജിന്നുകളുടെ പ്രവൃത്തിയാണെന്ന് വന്നുകൂടേ എന്നതാണ് ചോദ്യകർത്താവിന്റെ സംശയം)

5. ജിന്നും പിശാചും തിരിച്ചുവരുന്നു, വീഡിയോ ഡോക്യുമെന്ററി (പരസ്യം)

6. ജിന്നും ശബാബും പിന്നെ കട്ടിംഗ് പേസ്റ്റിംഗ് വിരുതന്മാരുടെ കൈക്രിയകളും.

7. ഈ ഖാദിമാർക്കെന്താ നൊസ്സോ?

'എക്സിബിഷൻകാരോട് ഏഴ് ചോദ്യങ്ങൾ' എന്ന തലക്കെട്ടിൽ എ.കെ 47 പവറുള്ള കുറിപ്പുണ്ട് ഒരു പേജിൽ. തൊട്ട് മുമ്പുള്ള പേജിൽ ഹദീസ് പാഠം എന്ന പംക്തിയുടെ തലക്കെട്ട് ഇങ്ങനെ: 'വിനയം ശീലമാക്കുക'. ഈ വിനയമൊക്കെ ജിന്നുകൾക്ക് മാത്രം പറഞ്ഞതായിരിക്കുമെന്ന് സമാധാനിക്കുക.

അങ്ങാടിയിൽ കിട്ടുന്ന പത്രവാരികകളിലൂടെ വെറുതെ കണ്ണോടിക്കുമ്പോൾ കണ്ണിൽ തടയുന്ന കാര്യങ്ങൾ മാത്രമാണിത്. ഇവർക്കിടയിൽ രഹസ്യമായി പ്രചരിക്കുന്ന കാസറ്റുകൾ, പുസ്തകങ്ങൾ, ലഘുലേഖകൾ (അതോ ഗുരുലേഖകളോ) എന്നിവയെക്കുറിച്ച് നാട്ടുകാർ പറയാറുണ്ട്.

ഇവരെല്ലാവരും വിവരമുള്ളവരാണെന്നായിരുന്നു നമ്മുടെയെല്ലാം വെപ്പ്. എല്ലാവർക്കും അവരവരുടേതായ പണ്ഡിത സംഘടനകൾ ഉണ്ടായിരിക്കെ അങ്ങനെ ആകാനല്ലേ തരമുള്ളൂ. എന്നിട്ടും എന്ത് പറ്റിപ്പോയി പടച്ചവനേ ഈ സംഘടനാ നേതാക്കൾക്കും പത്രാധിപന്മാർക്കും? ■